ഉത്തരം

(എ) കണക്കുകൾ ഓഡിറ്റിനു ഹാജരാക്കേണ്ട അവസാന തീയതി ഓരോ സാമ്പത്തിക വർഷവും കഴിഞ്ഞ് നാലു മാസത്തിനകമാണ്.

(ബി) കണക്കുകൾ ലഭിച്ച് ആറു മാസത്തിനകം ആണ് ഓഡിറ്റ് ചെയ്യേണ്ടത്.

(സി) വിശദാംശം ഇപ്പോൾ ലഭ്യമല്ല.

(ഡി) ഉണ്ട്. ജനകീയാസൂത്രണ പദ്ധതിമൂലം വർദ്ധിച്ച ജോലിഭാരവും ജീവനക്കാരുടെ അപര്യാപ്തതയുമാണ് ആഡിറ്റിന് കണക്കുകൾ യഥാസമയം നൽകാൻ കഴിയാത്തതിനുള്ള മുഖ്യമായ കാരണം.

(ഇ) കണക്കുകൾ ലഭിച്ചവ നിയമാനുസൃതമായ കാലപരിധിക്കു ള്ളിൽ ഓഡിറ്റു ചെയ്യുവാൻ നടപടി എടുത്തിട്ടുണ്ട്.

342 (1535) വാർഡ് വിഭജനം സംബന്ധിച്ച പരാതികൾ

ശ്രീ. തമ്പാനൂർ രവി :
ശ്രീ. പി.ജെ. ജോയി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ബാലറാം :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ വാർഡ് വിഭജനം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) ഏത് ജില്ലയിലാണ് ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ചിട്ടു ള്ളത്?

ഉത്തരം

(എ) 7980 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) കോട്ടയം ജില്ല (844 എണ്ണം)

343 (1536) പുതിയ പഞ്ചായത്ത് മന്ദിരങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നശേഷം ജില്ല/ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്കായി എത്ര പുതിയ മന്ദി രങ്ങൾ പണി തീർത്തിട്ടുണ്ട്;

(ബി) ഓരോന്നിനും ചെലവായ തുക ജില്ല തിരിച്ച് വെളിപ്പെടു ത്തുമോ;

(സി) ഫർണിഷിംഗ്, കമ്പ്യൂട്ടറൈസേഷൻ, മറ്റ് ഓഫീസ് സൗകര്യ ങ്ങൾ എന്നിവയ്ക്കുവേണ്ടി ചെലവഴിച്ച തുക എത്ര എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ തുക പ്ലാൻ ഫണ്ടിൽനിന്നും ചെലവഴിച്ചതാണോ അതോ മറ്റ് മാർഗ്ഗങ്ങളിൽകൂടി സമാഹരിച്ചതാണോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) 1996-97 സാമ്പത്തികവർഷം ഉപാധിരഹിത ഫണ്ടിൽനിന്നും സംസ്ഥാനത്തെ ജില്ലാ പഞ്ചായത്തുകൾക്ക് 7 കോടി രൂപയും (ഓരോ പഞ്ചായത്തിനും 50 ലക്ഷം രൂപ വീതം), ബ്ലോക്ക് പഞ്ചായത്തുകൾക്ക് 15 കോടി രൂപയും (ഓരോ ബ്ലോക്ക് പഞ്ചായത്തിനും 9.87 ലക്ഷം രൂപ വീതം) സ്വന്തമായി ആസ്ഥാന മന്ദിരമില്ലാത്ത ഓരോ ഗ്രാമപഞ്ചായത്തിനും 3 ലക്ഷം രൂപ വീതവും ആസ്ഥാന മന്ദിരനിർമ്മാണത്തിനായി അനുവദിക്കുകയുണ്ടായി.

വർദ്ധിച്ചുവരുന്ന നിർമ്മാണച്ചെലവുകൾ കണക്കിലെടുത്ത് സംസ്ഥാനത്തെ ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആസ്ഥാന മന്ദിരനിർമ്മാണത്തിനായി ഉപാധിരഹിത ഫണ്ടിനത്തിൽ അനുവദിച്ച തുകയുടെ 50% -ൽ കവിയാത്ത തുകകൂടി 98-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ പഞ്ചായത്തല മേഖലയ്ക്ക് അനുവദിച്ച തുകയിൽനിന്നും ആസ്ഥാനമന്ദിര നിർമ്മാണത്തിനായി ചെലവഴിക്കുവാൻ അനുമതി നൽകുകയുണ്ടായി.

തിരുവനന്തപുരം, കൊല്ലം, കാസർകോട് തുടങ്ങിയ ജില്ലാ പഞ്ചായത്തുകളും ഏതാനും ബ്ലോക്ക് പഞ്ചായത്തുകളും ഇതിനകം സ്വന്ത മന്ദിരങ്ങൾ പണി തീർത്ത് അവയിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ശേഷിക്കുന്നവയുടെ നിർമ്മാണപ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ആസ്ഥാന മന്ദിരനിർമ്മാണത്തിനായി ഉപാധിരഹിത ഫണ്ടിൽനിന്നും പ്ലാൻ ഫണ്ടിൽനിന്നും തുക ചെലവഴിച്ചിട്ടുണ്ട്. ആസ്ഥാന മന്ദിര നിർമ്മാണത്തിനനുവദിച്ച തുകയിൽ നിർമ്മാണാവശ്യം കഴിഞ്ഞ് മിച്ചമുള്ള തുകയും എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റിനത്തിൽ അനുവദിച്ചിട്ടുള്ള ഫണ്ടിൽനിന്നുമുള്ള തുകയും ചെലവഴിച്ചാണ് ഫർണിഷിംഗ്, മറ്റ് ഓഫീസ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നത്.

പഞ്ചായത്തുകളിൽ പൂർണ്ണമായും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയിട്ടില്ല. മന്ദിരനിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും പൂർത്തിയായശേഷം മാത്രമേ ഇവയ്ക്കായി ചെലവഴിച്ച മൊത്തം തുകയുടെ ഇനംതിരിച്ചുള്ള കണക്കുകൾ ശേഖരിക്കുവാൻ സാധിക്കുകയുള്ളു.

344 (1537) അയോഗ്യരാക്കപ്പെട്ട പഞ്ചായത്ത് അംഗങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പഞ്ചായത്ത് നിയമം നിലവിൽ വന്നതിനുശേഷം ത്രിതല പഞ്ചായത്തുകളിൽ എത്ര അംഗങ്ങളെ അയോഗ്യരാക്കിയിട്ടുണ്ട്; ആരെയെല്ലാം ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly